# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ-9/544/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/03/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ-9/544/2020 തീയ്യതി: 30/03/2021

## ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2020 മുതൽ 07-07-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 3 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബേബി സനൂജ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-07-2020 | 17-07-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം കെ മധുസുദനൻ നായർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. സുസാനിയാമ്മ തോമസ്,ഓഡിറ്റ് ഓഫീസർ
ശ്രീമതി. മരുൺ മാത്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സുനിൽകുമാർ ജി, ഓഡിറ്റർ (സീനിയർ ഗ്രേഡ്)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ എൻ ബിനു | പ്രസിഡന്റ് | 01-04-2019 | 10-04-2019 |
| ശ്രീമതി. ജലജ വിനോദ് | പ്രസിഡന്റ് | 10-04-2019 | 28-04-2019 |
| ശ്രീ. വി അർ ശശി | പ്രസിഡന്റ് | 29-04-2019 | 31-03-2020 |
| ശ്രീമതി. പി ടി ഷൈലജ | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റോസമ്മ കെ ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 29-07-2019 |
| ശ്രീമതി. പ്രമിള ടി റോസ് | അസിസ്റ്റന്റ് സെക്രട്ടറി | 30-07-2019 | 31-03-2020 |
| ശ്രീമതി.രാജിമോൾ രാജു | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ഡോ. എവിൻ എബ്രഹാം | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 01-04-2019 | 31-03-2020 |
| ഡോ. ഡോണ എബ്രഹം മറ്റം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.ധന്യ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 15-11-2019 |
| ഡോ. ഗ്രേസി പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 16-11-2019 | 31-03-2020 |
| ഡോ. രഘുനാഥ് | വെറ്ററിനറി സർജൻ | 01-04-2019 | 31-01-2020 |
| ഡോ. ഇന്ദു നാരായണൻ | വെറ്ററിനറി സർജൻ | 01-02-2020 | 31-03-2020 |
| ശ്രീമതി. ടിന്റുമോൾ ജോസഫ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. സുമേഷ് സോമൻ | വി.ഇ.ഒ | 01-04-2019 | 09-05-2019 |
| ശ്രീമതി. റീനാമോൾചാക്കോ | വി.ഇ.ഒ | 10-05-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി. കൊച്ചുറാണി സി വി | ഐ.സി.ഡി.എസ് സൂപ്രവൈസർ | 01-04-2019 | 13-01-2020 |
| ശ്രീമതി. ടീന ജോയ് | ഐ.സി.ഡി.എസ് സൂപ്രവൈസർ | 14-01-2020 | 31-03-2020 |
| ശ്രീമതി. കാതറിൻ ജമ്മ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.മിനിമോൾ കെ എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: Joseph Chacko (Asst. Audit Officer, On 30-03-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: Joseph Chacko (Asst. Audit Officer, On 30-03-2021) | 1-4 |
| 5 | ആശ്രയ -അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു<br>Written By: M.K.Madhusoodanan Nair (Audit Officer, On 24-02-2021)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-7 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-8 |
| 10 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-9 |
| 11 | ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കുമുള്ള ലൈസൻസ് ഫീസ് പരിഷ്ക്കരിച്ച നിരക്കിൽ ഈടാക്കിയില്ല<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: Joseph Chacko (Asst. Audit Officer, On 30-03-2021) | 1-10 |
| 12 | ലൈബ്രറി പ്രവർത്തനം നിഷ്ക്രിയം - വരിസംഖ്യ പിരിക്കുന്നില്ല<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-11 |
| 13 | സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയില്ല<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-12 |
| 14 | ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-13 |
| 15 | കരാറുകാരുടെ ജി എസ് ടി ഇൻവോയിസ് ലഭ്യമല്ല<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-14 |
| 16 | പാലിയേറ്റീവ് പദ്ധതി - ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചില്ല<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-15 |
| 17 | ബ്ലോക്ക് പഞ്ചായത്ത് നടത്തിയ റോഡ് നിർമാണത്തിന്റെ പേരിൽ ഗ്രാമപഞ്ചായത്ത് നിയമ നടപടി നേരിടുന്നു.<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-16 |
| 18 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഭരണ ചെലവുകൾക്ക് നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-17 |
| 19 | ശുചീകരണ, പ്രതിരോധ പ്രവർത്തനങ്ങൾക്ക് നൽകിയ തുകയുടെ ചെലവു വിവരങ്ങൾ ഹാജരാക്കിയില്ല.<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-18 |
| 20 | എസ്.എസ്.എ.വിഹിതം ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ₹800000/-ചെലവ് തടസ്സം<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-19 |
| 21 | എച്ച്.എം.സി.-വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-20 |
| 22 | ലൈഫ് ഭവനപദ്ധതി- ആദ്യ ഗഡു ധനസഹായം കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല.<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-21 |
| 23 | മരാമത്തു പ്രവൃത്തികളുടെ നിർവഹണത്തിലെ അപാകതകൾ<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: M.K.Madhusoodanan Nair (Audit Officer, On 24-02-2021) | 1-22 |
| | ഭാഗം 2 | |
| 1 | ചെലവിനങ്ങളിലെ നഷ്ടം<br>Written By: M.T.Soman (Audit Officer)<br>Last Updated By: () | 3-1 |
| | ഭാഗം 3 | |
| 1 | | 2-1 |

| | | |
|---|---|---|
| | വരവിനങ്ങളിലെ നഷ്ടം<br>Written By: M.T.Soman (Audit Officer)<br>Last Updated By: () | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.T.Soman (Audit Officer)<br>Last Updated By: () | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.T.Soman (Audit Officer)<br>Last Updated By: () | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.T.Soman (Audit Officer)<br>Last Updated By: () | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: () | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: () | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.T.Soman (Audit Officer)<br>Last Updated By: () | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.T.Soman (Audit Officer)<br>Last Updated By: () | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: () | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: M.T.Soman (Audit Officer)<br>Last Updated By: () | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.K.Madhusoodanan Nair (Audit Officer)<br>Last Updated By: () | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.T.Soman (Audit Officer)<br>Last Updated By: Susaniamma Thomas (Audit Officer, On 30-03-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

23.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 02.03.2020 തീയതിയിലെ 4-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 21.05.2020 | - |

### 1-3 വാർഷിക കണക്കിലെ അപാകതകൾ

1) ആർജ്ജിച്ച ആസ്തികളുടെ വർഗ്ഗീകരണം, മൂല്യനിർണ്ണയം എന്നിവ നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2) വിവിധ ആസ്തികൾക്ക് തേയ്മാനമായി ₹10,05,413/- രേഖപ്പെടുത്തിയിട്ടുള്ളത് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) റൂൾസ്, ചട്ടം 58 പ്രകാരമല്ലാത്തതിനാൽ തുകയുടെ കൃത്യത വ്യക്തമല്ല.

3) വസ്തുനികുതി കുടിശ്ശികയ്ക്ക് തൻവർഷം ബി-15(എ) പത്രികയിൽ പ്രൊവിഷൻ നൽകിയിട്ടില്ല. മുൻവർഷത്തെ കണക്കുകൾ ആവർത്തിക്കുകയാണുണ്ടായിട്ടുള്ളത്.

4) വസ്തുനികുതി കുടിശ്ശിക – എഴുതി തള്ളിയതായി സൂചിപ്പിക്കുന്ന തുകകൾക്ക് (ഐ-18) ഉപോൽബലകമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

5) ലൈഫ് ഭവനപദ്ധതിയുടെ വായ്പാ തിരിച്ചടവായി ₹2558824/- വികസനഫണ്ട് ഗ്രാന്റിൽ കുറവു ചെയ്തിട്ടുണ്ട്. വാർഷിക കണക്കിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

6) ഓഡിറ്റ് റിക്കവറിയായി ₹3010/- വരവുണ്ട്. ഈ തുക ആർ പി 10 ഷെഡ്യൂളിൽ ഓഡിറ്റ് റിക്കവറി ഹെഡിൽ ചേർക്കാതെ ആർ പി 26 ഷെഡ്യൂളിൽ ചെലവിൽ കുറച്ചിരിക്കുകയാണ്.

### 1-4 ഫണ്ട് വിനിയോഗം

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 0 | 17527006 | 17527006 | 14168150 | 3358856 |
| വികസന ഫണ്ട് (എസ് സി പി) | | 0 | 3732069 | 3732069 | 2034917 | 1697152 |
| വികസന ഫണ്ട് (ടി എസ് പി) | | 0 | 2160598 | 2160598 | 1648529 | 512069 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | | 0 | 14670000 | 14670000 | 9695661 | 4974339 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | | 0 | 5075000 | 5075000 | 4051944 | 1023056 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 13575347 | 13575347 | 8371276 | 5204071 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ | | | | | | |
| എം ജി എൻ ആർ ഇ ജിഎസ് | തൊഴിൽകൂലി | 0 | 50977955 | 50977955 | 50977955 | 0 |
| | ഭരണച്ചെലവ് | 3751 | 1077578 | 1081329 | 1078933 | 2396 |
| ഐ സി ഡി എസ് | | 985503 | 789750 | 1775253 | 899231 | 876022 |
| ആധാർ ഇൻസെന്റീവ് | | 36 | | 36 | 36 | 0 |
| സമ്പൂർണ്ണ ശുചിത്വം | | 1798365 | 249675 | 2048040 | 1256279 | 791761 |
| സംസ്ഥാനാവിഷ്കൃതഫണ്ടുകൾ | | | | | | |
| ടി എസ് സി ആരോഗ്യ ജാഗ്രത | | 0 | 160000 | 160000 | 160000 | 0 |
| ലൈഫ് സംസ്ഥാന വിഹിതം | | 0 | 15200000 | 15200000 | 12250000 | 2950000 |
| ആശ്രയ | | 0 | 704105 | 704105 | 704105 | 0 |
| പട്ടികവർഗ്ഗ വികസനം | | 1066941 | | 1066941 | 0 | 1066941 |
| സാമൂഹ്യനീതി വകുപ്പ് | | 22000 | | 22000 | 0 | 22000 |
| എൻ ആർ ഇ ജി -100 ദിവസ ബോണസ് | | 0 | 586000 | 586000 | 586000 | 0 |
| കേരളോൽസവം | | 0 | 20000 | 20000 | 20000 | 0 |

#### 1-4-1 ആശ്രയ -അക്കൗണ്ടിൽ വൻ തുക അവശേഷിക്കുന്നു

ആശ്രയയുടെ വിവിധ അക്കൗണ്ടുകളിലായി അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് & അക്കൗണ്ട് നമ്പർ | 31.03.2020ലെ ബാലൻസ് | റിമാർക്സ് |
|---|---|---|---|
| 1 | ഫെഡറൽ ബാങ്ക് കാഞ്ചിയാർ അക്കൗണ്ട് നം 1846 | 683925 | അഗതി രഹിത കേരളം(ജനറൽ )ആശ്രയ |
| 2 | ഫെഡറൽ ബാങ്ക് കാഞ്ചിയാർ അക്കൗണ്ട് നം 1853 | 2568875 | അഗതി രഹിത കേരളം (പട്ടികവർഗ്ഗം)ആശ്രയ |

ആശ്രയ പദ്ധതിക്കായുള്ള തുക കാഞ്ചിയാർ ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. പ്രസ്തുത അക്കൗണ്ടുകളിൽ 31.03.2020 ൽ ₹3252800/- നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട പണം നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ഉചിതമല്ല. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 248 | 197940889 | 156 | 86102197 | 0 | 92 | 62.90 |

| | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 20 | 18 | 8174540 | 7267180 |
| 2 | അസിസ്റ്റന്റ് എൻജിനീയർ | 153 | 71 | 51020922 | 24345892 |
| 3 | കൃഷി ഓഫീസർ | 7 | 7 | 2620042 | 2072290 |
| 4 | വെറ്ററിനറി സർജൻ | 10 | 8 | 6213200 | 1554710 |
| 5 | മെഡിക്കൽഓഫീസർ (ആരോഗ്യം) | 7 | 6 | 2149894 | 1719674 |
| 6 | മെഡിക്കൽഓഫീസർ (ഐ എസ് എം) | 3 | 3 | 981000 | 978731 |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 286000 | 268313 |
| 8 | വി ഇ ഒ | 11 | 10 | 117400488 | 41189118 |
| 9 | ഐ സി ഡി എസ് സൂപ്പർവൈസർ | 10 | 10 | 4063200 | 3995473 |
| 10 | ഹെഡ് മാസ്റ്റർ (ജി എൽ പി എസ്) | 6 | 4 | 1083000 | 970778 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1100000 | 105942 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 17 | 15 | 2848603 | 1634096 |
| | ആകെ | 248 | 156 | 197940889 | 86102197 |

ആകെ അംഗീകാരം ലഭിച്ച പദ്ധതികളിൽ 62.90% മാത്രമാണ് നടപ്പാക്കിയത്. ലഭ്യമായ തുകയിൽ 43.49% ആണ് വിനിയോഗിച്ചത്. ലഭ്യമായ തുക പരമാവധി വിനിയോഗിക്കുന്നതിനും അംഗീകാരം ലഭിക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3000 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 801600 | 143 |
| വിധവാപെൻഷൻ | 4607400 | 821 |
| വാർദ്ധക്യകാലപെൻഷൻ | 12349800 | 2184 |
| അംഗ പരിമിതർക്കുള്ള പെൻഷൻ | 1607300 | 295 |
| 50വയസ് കഴിഞ്ഞ ആവിവാഹിതർക്കുള്ള പെൻഷൻ | 82800 | 16 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2020ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹3339/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ കാര്യക്ഷമമായ രീതിയിൽ നടപ്പാക്കി വരുന്നുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. സൂചിക സോഫ്റ്റ് വെയർ മുഖേനയുള്ള ഫയൽ ട്രാക്കിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് മികച്ച നിലയിൽ പ്രവർത്തിച്ചു വരുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ അക്കൗണ്ടുകളും രജിസ്റ്ററുകളും കുറ്റമറ്റ രീതിയിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്.

## 1-9 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ലൈസൻസിന് അപേക്ഷിക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ടോയെന്ന് കണ്ടെത്താനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കുമുള്ള ലൈസൻസ് ഫീസ് പരിഷ്കരിച്ച നിരക്കിൽ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 181 സ്ഥാപനങ്ങൾ തൻവർഷം ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുണ്ട്. ഇതിൽ 80 സ്ഥാപനങ്ങളിൽ നിന്നും ₹300/- വീതവും 14 സ്ഥാപനങ്ങളിൽ നിന്നും ₹200/- വീതവുമാണ് ഈടാക്കിയിട്ടുള്ളത്. അപേക്ഷകളിലും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിലും സ്ഥാപനങ്ങളുടെ പ്രതിദിന വരുമാനത്തേയും മൂലധനനിക്ഷേപത്തേയും സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ജി.ഒ.(പി) 80/2017/ ത.സ്വഭ.വ തീയതി. 31.10.2017 ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്യുകയും 2-ാം പട്ടിക പ്രകാരമുള്ള ഫീസിനായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ 5 സ്ലാബുകളായി തിരിച്ച് മൂലധനനിക്ഷേപം വളരെക്കുറഞ്ഞ സ്ഥാപനങ്ങളെ മൈക്രോ സംരംഭങ്ങളുടെ ഗണത്തിൽപ്പെടുത്തി പരമാവധി ₹500/- ഫീസ് ഈടാക്കുവാൻ നിർദ്ദേശിക്കുന്നുണ്ട്. ഭേദഗതി ചട്ടങ്ങൾ നിലവിൽ വന്ന് രണ്ടു വർഷങ്ങൾക്കു ശേഷവും പുതുക്കിയ നിരക്കിൽ ഫീസ് ഈടാക്കാത്ത നടപടി അംഗീകരിക്കാവുന്നതല്ല. പരമാവധി ലൈസൻസ് ഫീസ് ഈടാക്കുവാൻ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി ഭാവിയിൽ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-11 ലൈബ്രറി പ്രവർത്തനം നിഷ്ക്രിയം - വരിസംഖ്യ പിരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കാഞ്ചിയാറിൽ ഒരു ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഒരു ലൈബ്രേറിയനെയാണ് ഇതിന്റെ പ്രവർത്തനത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. 1400 പുസ്തകങ്ങളും ദിനപ്പത്രങ്ങളും ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുളളതായി ലൈബ്രേറിയൻ അറിയിച്ചിട്ടുണ്ട്. അംഗത്വം പുതുക്കുകയോ മെമ്പർഷിപ്പ് ഫീസ്, വാർഷിക വരിസംഖ്യ എന്നിവ പിരിച്ചെടുക്കുകയോ ചെയ്യുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ സ്റ്റോക്കിലുള്ള പുസ്തകങ്ങളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ സാധിച്ചിട്ടില്ല. ലൈബ്രറിയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. മെമ്പർഷിപ്പ് ഫീസ്, വാർഷിക വരിസംഖ്യ എന്നിവ കൃത്യമായി പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിച്ച് ലൈബ്രറിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

1-12 സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയില്ല

കോടതി വ്യവഹാരങ്ങൾ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല. കേസ് സംബന്ധമായ സമഗ്രമായ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ഇവയുടെ തൽ സ്ഥിതി ലഭ്യമല്ല. വളരെ പരിമിതമായ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വ്യവഹാരത്തിന്റെ ഹേതു, നാളിതുവരെ സ്വീകരിച്ച നടപടികൾ, തീർപ്പ്, തുടർന്ന സ്വീകരിക്കേണ്ട നടപടികൾ തുടങ്ങിയ വിവരങ്ങളൊന്നും തന്നെ വ്യക്തമല്ല. കോടതി നിരീക്ഷണങ്ങളിൽ യഥാസമയം നടപടികളെടുക്കേണ്ടത് അനിവാര്യമായതിനാൽ സ്യൂട്ട് രജിസ്റ്റർ സമഗ്രവും കാലികവുമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 ഹോമിയോ മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

പ്രോജ. നം.91/2019-20

നിർവഹണം - മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ആലപ്പുഴ ഹോംകോയ്ക്ക് ബിൽ നം.2/16.11.2019 പ്രകാരം ₹221000/- നൽകിയിട്ടുണ്ട്. ഇതിൽ ₹110053/- യുടെ മരുന്ന് മാത്രമാണ് നാളിവരെ ലഭ്യമായിട്ടുള്ളത്. ശേഷിക്കുന്ന ₹110947/- യുടെ മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-14 കരാറുകാരുടെ ജി എസ് ടി ഇൻവോയിസ് ലഭ്യമല്ല

മരാമത്തു പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമായ നിലവിലുള്ള ഡി എസ് ആർ, കോസ്റ്റ് ഇൻഡിസസ് എന്നിവയിൽ ജി എസ് ടി ഉൾപ്പെട്ടിട്ടുള്ളതാണ്. 12% ജി എസ് ടി കോംപൻസേഷൻ ഉൾപ്പടെയുള്ള തുകക്കാണ് മരാമത്തു പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ആകെ വേലമൂല്യത്തിൽ നിന്ന് 2% ജി എസ് ടി ബില്ലിൽ കുറവു ചെയ്ത ശേഷമാണ് കരാറുകാർക്ക് തുക നൽകുന്നത്. 10% ജി എസ് ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകുന്നതിനാൽ കരാറുകാരിൽ നിന്നും ജി എസ് ടി ഇൻവോയിസ് ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ ടാക്സ് ഇൽവോയിസുകൾ ഇല്ലാതെ തന്നെ ജി എസ് ടി ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകി വരുകയാണ് ചെയ്യുന്നത്. ജി എസ് ടി ഇൻവോയിസ് ലഭ്യമാക്കി നികതി ഒടുക്കുന്നതിന്റെ കൃത്യത നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

1-15 പാലിയേറ്റീവ് പദ്ധതി - ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചില്ല

**പ്രോജ. നം.145/2019-20**

**നിർവഹണം - മെഡിക്കൽ ഓഫീസർ (ആരോഗ്യം)**

പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തിപ്പിനായി ആകെ 751958/- തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ വീൽചെയർ ഉൾപ്പെടെയുള്ള പാലിയേറ്റീവ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് ബിൽ നം.28/28.2.2020 പ്രകാരം ₹69211/- നൽകിയെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല. അവ സമയബന്ധിതമായി ലഭ്യമാകാതിരുന്നതു വഴി പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. ലഭിക്കാനുള്ള ഉപകരണങ്ങൾ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കി അർഹരായ രോഗികൾക്ക് എത്തിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ₹69211/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി വിഷയത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-16 ബ്ലോക്ക് പഞ്ചായത്ത് നടത്തിയ റോഡ് നിർമാണത്തിന്റെ പേരിൽ ഗ്രാമപഞ്ചായത്ത് നിയമ നടപടി നേരിടുന്നു.

വിലങ്ങുപാറപ്പടി - പടവൻപടി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കട്ടപ്പന മുൻസിഫ് കോടതിയിൽ ഫയൽ ചെയ്യപ്പെട്ട O.S 105/14 നമ്പർ കേസിലെ വിധിയ്ക്കെതിരെ കട്ടപ്പന സബ്കോടതിയിൽ സമർപ്പിച്ച അപ്പീലിലെ ഉത്തരവനുസരിച്ച് (കോടതിയുടെ 1.A .388/2019 IN A.S.ലെ ഉത്തരവ് പ്രകാരം) കട്ടപ്പന മുൻസിഫ് കോടതിയിൽ ₹75000/- (വൗച്ചർ നമ്പർ 21900673 തിയതി 05.12.2019) കെട്ടിവെച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട വിലങ്ങുപാറപ്പടി -പടവൻപടി റോഡിന്റെ ടാറിംഗിനായി കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ₹500000/-വകയിരുത്തി പ്രോജക്ട് നടപ്പാക്കിയിരുന്നു. തന്റെ സ്ഥലം കൈയ്യേറി എന്നാരോപിച്ചാണ് റോഡ് കടന്നു പോകുന്നതിനു സമീപമുള്ള ഒരു സ്ഥലമുടമ കേസ് ഫയൽ ചെയ്തത്. റോഡ് നിർമ്മിച്ചത് കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെയും പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്റെയും ഉത്തരവാദിത്തത്തിലാണ് എന്നിരുന്നാലും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരെയും കക്ഷി ചേർത്താണ് കേസ് ഫയൽ ചെയ്തിരുന്നത്. കേസിൻമേൽ പഞ്ചായത്തിന്റെ വാദഗതികൾ അംഗീകരിക്കാതെ പഞ്ചായത്ത് കൃഷി ദേഹണ്ഡങ്ങൾ നഷ്ടപ്പെടുത്തി എന്ന നിലയ്ക്ക് ₹150000/- പരാതിക്കാരന് നൽകുവാൻ വിധി ആയിരുന്നു. ഈ വിധിക്കെതിരെ അപ്പീൽ നൽകുന്നതിന് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ₹75000/ – കോടതിയിൽ കെട്ടിവച്ചിരിക്കുന്നത് എന്നാണ് 15.7.2020- ലെ ഓഡിറ്റ് എൻക്വയറി നമ്പർ 2 ന് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ അറിവോ സമ്മതമോ ഇല്ലാതെ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച റോഡുമായി ബന്ധപ്പെട്ട നഷ്ടത്തിന് ഗ്രാമപഞ്ചായത്ത് ഉത്തരവാദി അല്ലാത്തതിനാൽ ഈയിനത്തിൽ എന്തെങ്കിലും നഷ്ടപരിഹാരം നൽകേണ്ടി വന്നാൽ പ്രസ്തുത തുക കോടതി ചെലവുകൾ അടക്കം കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഈടാക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്. ₹75000/–യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഭരണ ചെലവുകൾക്ക് നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല

26.08.2017ലെ സ.ഉ.(സാധാ)2941/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവുകൾ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കുന്നതിനും കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് തിരികെ നിക്ഷേപിച്ച് ക്രമീകരിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. 2019-20 സാമ്പത്തിക

വർഷം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകൾ നടത്തുന്നതിനായി ₹1406830/- തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ ₹82948/-മാത്രമാണ് തിരികെ ക്രമീകരിച്ചിട്ടുള്ളത്. അവശേഷിക്കുന്ന ₹1323882/-ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 ശുചീകരണ, പ്രതിരോധ പ്രവർത്തനങ്ങൾക്ക് നൽകിയ തുകയുടെ ചെലവു വിവരങ്ങൾ ഹാജരാക്കിയില്ല.

| വൗച്ചർ നമ്പർ /തിയതി | തുക ₹ |
|---|---|
| 21900738 /09.01.2020 | 160000/- |
| 21900780/29.01.2020 | 10000/- |
| ആകെ | 170000/- |

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ, പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ എന്നീ പരിപാടിക്കുവേണ്ടി കാഞ്ചിയാർ പ്രാഥമിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഗ്രാമപഞ്ചായത്തിൽ നിന്നും ₹170000/-കൈപ്പറ്റിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയ ചെലവുകളുടെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹170000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-19 എസ്.എസ്.എ.വിഹിതം ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ₹800000/-ചെലവ് തടസ്സം

| | |
|---|---|
| ബിൽ നം./തീയതി/തുക | 09/19-20/30.08.2019/ ₹800000 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ. വിഹിതം - |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷം എസ്.എസ്.എ.വിഹിതം ഒടുക്കുന്നതിലേക്കായി പ്രോജക്ട് ആവിഷ്കരിക്കുകയും ₹800000/- എസ്.എസ്.എ. പ്രോജക്ട് ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം ചെലവഴിക്കാനുദ്ദേശിക്കുന്ന തുക, പ്രവർത്തന ഉദ്ദേശ്യങ്ങൾ എന്നിവ വ്യക്തമാക്കുകയോ പ്രസ്തുത ചെലവിന് ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുകയുടെ കൃത്യത വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ട് ഓഫീസർക്ക് നൽകിയ ₹800000/- വിനിയോഗിച്ചു എന്നു മാത്രം രേഖപ്പെടുത്തിയ സാക്ഷ്യപത്രം ഫയലിൽ ചേർത്തിട്ടുണ്ട്. ആകെ പ്രതീക്ഷിത ചെലവ്, ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുക എന്നിവ വ്യക്തമാക്കിയ ഡിമാന്റ് നോട്ടീസിന്റെ അഭാവത്തിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുക സർക്കാർ ഉത്തരവിൽ അനുശാസിക്കും പ്രകാരമുള്ള നിരക്കിലാണോ എന്നത് വ്യക്തമല്ല. ഡിമാന്റ് നോട്ടീസിൽ ആവശ്യപ്പെട്ട രീതിയിലും അനുപാതത്തിലും തുക ചെലവഴിച്ചു എന്നതിനുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹800000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 എച്ച്.എം.സി.-വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ പി.എച്ച്.സി.യുടെ മാനേജിംഗ് കമ്മിറ്റി വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(Xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

1-21 ലൈഫ് ഭവനപദ്ധതി- ആദ്യ ഗഡു ധനസഹായം കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല.

ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പററിയെങ്കിലും നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | അഡ്രസ്സ് | നല്കിയ തുക | തുക നല്കിയ ചെക്ക് നം/ തീയതി |
|---|---|---|---|
| ജാസ്മിൻ ജയ് മോൻ | വലിയപറമ്പിൽ കോവിൽമല | 40000.00 | അക്കൗണ്ട് നം 0603053000006016 (സൗത്ത് ഇൻഡ്യൻ ബാങ്ക് കട്ടപ്പന) ലേക്ക് 15.2.19 ൽ NEFT ട്രാൻസ്ഫർ ചെയ്തു |
| രാജൻ വാസു | അപ്പുവിലാസം മേപ്പാറ | 40000.00 | ചെക്ക് നം 7249123തി 6.7.19 |
| പഞ്ചമി കെ കെ | കണ്ടത്തിൻകര കോവിൽമല | 40000.00<br>50000.00 | ചെക്ക് നം 724903തി 23.2.19<br>ചെക്ക് നം 724913തി 6.7.19 |

ഭവന നിർമ്മാണം ആരംഭിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് അല്ലാത്ത പക്ഷം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

1-22 മരാമത്തു പ്രവൃത്തികളുടെ നിർവഹണത്തിലെ അപാകതകൾ

ആകെ 153 മരാമത്തു പ്രവൃത്തികൾക്കാണ് 2019-20 വർഷം അനുമതി ലഭിച്ചത്. ഇതിൽ 71 പദ്ധതികൾ മാത്രമാണ് തൻവർഷം പൂർത്തീകരിച്ചിരിക്കുന്നത്. യഥാസമയം പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നതു മൂലം 44 പ്രവൃത്തികളുടെ ചെലവ് ക്യൂബില്ലിൽ ഉൾപ്പെട്ട് അടുത്ത സാമ്പത്തിക വർഷമാണ് ചെലഴിക്കുവാൻ സാധിച്ചത്. ലഭ്യമായ ₹51020922/-യിൽ 24245892/- യാണ് വിനിയോഗിച്ചത്. (ചെലവു ശതമാനം കേവലം 47.52മാത്രം) ₹26775030/- ചെലവഴിക്കാൻ സാധിക്കാതെ വന്നത് പദ്ധതി നിർവഹണത്തിലെ പാളിച്ചയാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ ജനറൽ കമ്മറ്റിയോ പദ്ധതി നിർവഹണത്തിൽ ആവശ്യമായ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്നു വ്യക്തമാണ്. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ചെലവിനങ്ങളിലെ നഷ്ടം

ഇല്ല

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 വരവിനങ്ങളിലെ നഷ്ടം

ഇല്ല

ഭാഗം -4

പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | ധനകാര്യപത്രിക പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച വിവരം |
|---|---|---|
| 2019-20 | 2019-20 വർഷത്തെ ഓഡിറ്റിൽ പരിശോധിച്ചു. | പ്രത്യേക സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടില്ല |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 1101922 | ലൈഫ് മിഷൻ | 3390777 | 865227 |
| | 2019-20 | 3154082 | | | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 37060 | പാലിന് സബ്സിഡി | 37060 | 0 |
| | 2019-20 | 5942 | | 43002 | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹23020200/- വരവുണ്ട്. മുൻബാക്കി ₹27999800/-യടക്കം ₹51020000/-യിൽ ₹3558824 /- വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവനപദ്ധതി | 267/ ഡി.ബി.1/15 തസ്വഭവ തീയതി 28.09.2015 | 10000000 | 6600000 | 1000000 | 300412 | 5600000 |
| ലൈഫ് | ജി.ഒ. (എം.എസ്) 68/18 തസ്വഭവ 18.05.2018 | 44420000 | 21399800<br>23020200<br>(തൻവർഷത്തെ വായ്പ) | 2558824 | 0 | 41861176 |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹ 3010/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2011-12 | 3-3 | 3010 | ദാനിയെൽ മാത്യു, കൃഷി ഓഫീസർ | 119200104510/10.02.2020 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-15 | 2006-07 | 3.35.2 | ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | ഫയലുകൾ ഹാജരാക്കി |
| 2003-04 | 3-1 | 2006-07 | 3.35.2 | ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയില്ല | റവന്യൂ റിക്കവറി നോട്ടീസ് നൽകി |
| 2003-04 | 3-2 | 2006-07 | 3.35.2 | ഫയലുകൾ ഹാജരാക്കിയില്ല | |
| 2003-04 | 3-3 | 2006-07 | 3.37.1 | കമ്പ്യൂട്ടർ വാങ്ങൽ ₹54,536/-യുടെ നിരാകരണം | റവന്യൂ റിക്കവറി നോട്ടീസ് നൽകി |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കാത്തത് | - |
| - | - | 2015-16 | 3.6.1 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എസ്.സി./എസ്.റ്റി. വിഭാഗക്കാരുടെ പദ്ധതി നിർവഹണം പ്രവർത്ത ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | തുടർ നടപടികൾ പുരോഗമിക്കുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടികളുടെ വിവരം

– ഇല്ല –

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

| ക്രമ നം. | വർഷം | ഖണ്ഡിക നം. | ഉത്തരവാദിയുടെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർട്ടിഫിക്കറ്റ് നം. തീയതി | തുക ₹ | സ്വയം ഒടുക്കിയ തുക (രസീത് നമ്പർ, തീയതി | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ( ഉണ്ട്/ഇല്ല) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | ഒടുക്കുവാൻ അവശേഷിക്കുന്ന തുക/ ബാധ്യത |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 28,30 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.16782Spl. Cell/CSC/ C1/2001 Dt.16.09.2002 | 8635 | 00 | ഇല്ല | - | - | - | - | 8635 |
| 2 | 1998-99 | 29,31 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.6678Spl. Cell/CSC/ C1/2002 Dt.20.01.2003 | 32190 | 00 | ഇല്ല | - | - | - | - | 32190 |
| 3 | 1999-00 | 31,34, 37,41, 46,48, 49,51, 52,57, 58,59, 62,64 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.15624Spl. Cell/CSC/ C1/2002 Dt.28.03.2003 | 57383 | 00 | ഇല്ല | - | - | - | - | 57383 |
| 4 | 1999-00 | 32 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.15624Spl. Cell/CSC/ C1/2002 Dt.28.03.2003 | 3096 | 00 | ഇല്ല | - | - | - | - | 3096 |
| 5 | 1999-00 | 33 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.15624Spl. Cell/CSC/ C1/2002 Dt.28.03.2003 | 2523 | 00 | ഇല്ല | - | - | - | - | 2523 |
| 6 | 1999-00 | 63 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.15624Spl. Cell/CSC/ C1/2002 Dt.28.03.2003 | 1253.5 | 00 | ഇല്ല | - | - | - | - | 1253.5 |
| 7 | 2000-01 | 23 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell/SC2/ 2005/ Dt. 25.04.2007 Certificate | 3300 | 00 | ഇല്ല | - | - | - | - | 3300 |
| 8 | 2000-01 | 27 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത്. ₹17830, PA Annamma-1240/- | LF.14813/ SplCell/SC2/ 2005/ Dt.25.09.2006 Certificate (TK George- ₹17830/-) LF.14813/ SplCell/ SC2/2005/ Dt.25.04.2007 Certificate (PA Annamma- ₹1240/-) | 19070 | 00 | ഇല്ല | - | - | - | - | 19070 |
| 9 | 2000-01 | 29 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell/SC2/ 2005/ Dt.25.09.2006 | 2800 | 00 | ഇല്ല | - | - | - | - | 2800 |
| 10 | 2000-01 | 30 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell/ SC2/2005/ | 600 | 00 | ഇല്ല | - | - | - | - | 600 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 25.9.2006 Certificate (TK George-₹17830/-) LF.14813/ SplCell/ SC2/2005/ Dt.25.04.2007 Certificate (PA Annamma-₹1240/-) | | | | | | | | |
| 11 | 2000-01 | 31 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell SC2/2005/ Dt.25.09.2006 | 1400 | 00 | ഇല്ല | - | - | - | - | 1400 |
| 12 | 2000-01 | 42(2) | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell/ SC2/2005/ Dt.25.09.2006 | 1000 | 00 | ഇല്ല | - | - | - | - | 1000 |
| 13 | 2000-01 | 43 | ശ്രീ. റ്റി .എം. ജോർജ്ജ് സെക്രട്ടറി, പഞ്ചായത്ത് | LF.14813/ SplCell/ SC2/2005/ Dt.25.09.2006 | 2287 | 00 | ഇല്ല | - | - | - | - | 2287 |
| 14 | 2001-02 | 2-3 | പി. എ. അന്നമ്മ സെക്രട്ടറി | എൽ.എഫ്. 16704/ സ്പെ.സെൽ/ എസ്.സി.സി12/ 2005/ Dt.09.05.2007 | 6924 | 00 | ഇല്ല | - | - | - | - | 6924 |
| 15 | 2004-05 | 3-5 | | എൽ.എഫ്. 17292/ സ്പെ.സെൽ/ എസ്.സി.2/ 2008/ Dt.11.05.2010 സർചാർജ്ജ് സർട്ടിഫിക്കറ്റ് | 11000 | 11000 | ഇല്ല | - | - | - | - | - |
| 16 | 2005-06 | 3-5 | മുഹമ്മദ്കുഞ്ഞ് | എൽ.എഫ്. 20893/ സ്പെ.സെൽ/ എസ്.സി.2/2008 (1)/ Dt.11.06.2009 എൽ.എഫ്. 20893/ സ്പെ.സെൽ/ എസ്.സി.2/2008 (2)/Dt.11.06.2009 | 8301 | 8301 | ഇല്ല | - | - | - | - | - |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 113952351/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 109172332/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1114211 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 69211 | ഡോ.എവിൻ എബ്രാഹം, മെഡിക്കൽഓഫീസർ (ആരോഗ്യം) |
| 1-16 | 75000 | ശ്രീമതി ഷൈലജ പി.ടി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 1-18 | 170000 | ഡോ.എവിൻ എബ്രാഹം, മെഡിക്കൽഓഫീസർ (ആരോഗ്യം) |
| 1-19 | 800000 | ശ്രീമതി ഷൈലജ പി.ടി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-13

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷൈലജ പി.ടി<br>ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | സെക്രട്ടറി<br>കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത് | കളത്തുങ്കൽ<br>കട്ടപ്പന പി ഒ, വലിയകണ്ടം |
| ഡോ.എവിൻ എബ്രാഹം<br>മെഡിക്കൽഓഫീസർ (ആരോഗ്യം) | മെഡിക്കൽഓഫീസർ<br>പി എച്ച് സി,കാഞ്ചിയാർ | പക്കാനിക്കുഴിയിൽ<br>എവിൻ വില്ല<br>കറ്റൂർ പി ഒ, തിരുവല്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് (ഖണ്ഡിക നം.) |
|---|---|---|---|
| 1997-98 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 1 | 21(2) |
| 1998-99 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 2 | 29,31 |
| 1999-00 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 20 | 21(1),22,23(1), 31,32,33,34, 37,41,46, 48,49,51,52,57, 58,59,62,63,64 |
| 2000-01 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 8 | 23,26,27,29, 30,31,42(2),43 |
| 2001-02 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 2 | 2-2,2-3 |
| 2002-03 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 2 | 3-1,3-15 |
| 2003-04 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 4 | 3-1,3-2,3-3,3-5 |
| 2004-05 | കെ.എസ്.എ-ഐ.ഡി.കെ-9/714/2018 തീയതി. 25.05.2018 | 1 | 3-6 |
| 2006-07 | എൽ.എഫ്.ഐ-08/539/2008/03.11.2008 | 11 | 2-1, 2-2, 2-4, 3-2, 3-4, 3-6, 3-7, 3-8, 3-9, 3-11, 4-3 |
| 2007-08 | എൽ.എഫ്.ഐ-08/1003/2009/08.07.2010 | 8 | 3-2, 3-4, 3-9, 3-10, 3-11, 4-3, 4-5, 4-6, |
| 2009-10 | എൽ.എഫ്.ഐ-09/976/2011/30.05.2012 | 5 | 3-6, 3-7, 3-9, 4-3 |
| 2010-11 | എൽ.എഫ്.ഐ-09/129/2013/04.10.2013 | 2 | 2-1, 3-4 |
| 2011-12 | എൽ.എഫ്.ഐ-09/1384/ 2013/11.07.2014 | 6 | 2-2, 3-1, 3-3, 3-4, 3-5, 4-1 |
| 2012-13 | എൽ.എഫ്.ഐ-09/1327/2014/15.12.2014 | 3 | 3-1, 3-2, 3-4 |
| 2013-14 | എൽ.എഫ്.ഐ-09/950/2015/12.08.2015 | 6 | 2-1, 2-2, 3-1, 3-2, 3-3, 3-4 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-9/90/05.03.2016 | 6 | 2-1, 3-1, 3-3, 3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-9/1332/19.09.2016 | 9 | 2-1, 2-2(ബി), 2-3, 3-1, 3-3,3-4, 3-5,3-6, 3-7(2) |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-9/1312/2017 തീയതി. 27.08.2017 | 6 | 1-12, 2-1, 2-2, 3-1, 3-5, 3-6 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-9/934/2018 തീയതി. 26.09.2018/04.10.2018 | 3 | 1-12, 3-2, 3-3 |
| 2018-2019 | കെ.എസ്.എ-ഐ.ഡി.കെ-9/833/2019 തീയതി. 14.10.2019 | 3 | 1-18, 1-19, 1-20 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്